പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 7044 — 2/11/2011-ൽ മറുപടിക്ക്

**പട്ടികജാതി സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ**

ചോദ്യം — മറുപടി

ശ്രീ. ബി.സത്യൻ — ശ്രീ.എ.പി അനിൽകുമാർ

(പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | പട്ടികജാതി സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണുള്ളത്; | (എ) | പട്ടികജാതി സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ചുവടെ സൂചിപ്പിച്ചിട്ടുള്ള പദ്ധതികൾ നിലവിലുണ്ട്.<br>പട്ടികജാതി വികസനത്തിനായുള്ള SCP ഫണ്ടിന്റെ 2/3 ഭാഗം വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. പട്ടികജാതി സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള SCP ഫണ്ടിലുൾപ്പെടുത്തി നടപ്പിലാക്കി വരുന്നു.<br>കൂടാതെ പട്ടികജാതി വികസന വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന പൂൾഡ് ഫണ്ട്, ക്രിറ്റിക്കൽ ഗ്യാപ്പ് ഫില്ലിംഗ് ഫണ്ട്, കളക്ടർമാർക്ക് അനുവദിച്ച് നൽകിയിട്ടുള്ള SCA to SCP ഫണ്ട് എന്നിവയിൽ ഉൾപ്പെടുത്തിയും മേൽപറഞ്ഞ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | പട്ടികജാതി വിഭാഗത്തിന് സ്ഥലവും വീടും നൽകുന്ന പദ്ധതിയിൽ ലഭ്യമാക്കിയിരുന്ന തുകയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ എത്ര വീതമാണ്; ഏത് കാലയളവ് മുതലാണ് വർദ്ധനവ് വരുത്തിയിട്ടുള്ളത്; വിശദമാക്കാമോ? | (സി) | പട്ടികജാതി വികസന വകുപ്പിന്റെ ഭൂരഹിത ഭവനരഹിത പുന:രധിവാസ പദ്ധതി നടപ്പാക്കുന്നതിനായി 2011-12 സാമ്പത്തിക വർഷം സ.ഉ.(കൈ) നമ്പർ:87/ 2011/പജ.പവ.വിവ തീയതി: 25/08/11 പ്രകാരം ഗ്രാമപ്രദേശങ്ങളിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് 75,000/-രൂപയിൽ നിന്നും 1,50,000/- രൂപയായും, മുൻസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിൽ രണ്ട് സെന്റ് ഭൂമി വാങ്ങുന്നതിന് 90,000/-രൂപയിൽ നിന്നും 1,75,000/- രൂപയായും ഒരു ലക്ഷം രൂപയിൽ നിന്നും 2 ലക്ഷം രൂപയായും വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ഇപ്രകാരം വർദ്ധിപ്പിച്ച തുക നടപ്പ് സാമ്പത്തിക വർഷം തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതാണ്.<br>ഭവനരഹിതരായ പട്ടികജാതി വിഭാഗക്കാർക്ക് വകുപ്പ് മുഖേന നൽകി വരുന്ന ഭവനനിർമ്മാണ ധനസഹായം 1 ലക്ഷം രൂപയിൽ നിന്നും 2 ലക്ഷം രൂപയായി സ.ഉ.(കൈ) നമ്പർ 93/11 പജ.പവ.വിവ തീയതി:15/09/11 പ്രകാരം വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ഇപ്രകാരം വർദ്ധിപ്പിച്ച തുക മുൻവർഷങ്ങളിൽ അനുവദിച്ചതും ഇനിയും പൂർത്തീകരിക്കാനുള്ളതുമായ വീടുകൾക്ക് കൂടി അനുപാതികമായി അനുവദിച്ച് കൊണ്ട് ജി.ഒ(എം.എസ്) 96/11/ പജ.പവ.വിവ തീയതി:28.9.11 പ്രകാരം ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ